**കൈക്കൂലിയുടെ അടിസ്ഥാനത്തിൽ ശരിയായ രേഖകളില്ലാത്ത വരെ വിദേശത്തേക്കയയ്ക്കുന്ന ഗൂഢസംഘം**

23(*290) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ജയരാജൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻതുക കൈക്കൂലി വാങ്ങി ശരിയായ രേഖകളില്ലാത്ത ആളുകളെ വിദേശത്തേക്ക് കയറ്റി അയയ്ക്കുന്ന ഗൂഢസംഘത്തിന്റെ പ്രവർത്തനം സംസ്ഥാനത്ത് വ്യാപകമായിട്ടുണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ശരിയായ രേഖകളുണ്ടെങ്കിലും കൈക്കൂലി നൽകിയില്ലെങ്കിൽ എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കുന്നില്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥരും വൻ തുക വാങ്ങി വിദേശത്തേക്ക് കയറ്റിവിടുന്ന മാഫിയാ സംഘങ്ങളും തമ്മിൽ യോജിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലമായി ഈ രംഗത്ത് വളർന്നുവരുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :

(എ&ബി) ഇല്ല.

(സി) ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുന്നപക്ഷം ഇത് തടയാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം-കാസർഗോഡ് എക്സ്പ്രസ് ഹൈവേ പദ്ധതി**

24(*291) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കാസർഗോഡ് എക്സ്പ്രസ് ഹൈവേ പദ്ധതി ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ അംഗീകാരത്തിന് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) എക്സ്പ്രസ് ഹൈവേ തുടങ്ങുന്നതിന് മുന്നോടിയായിട്ട് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും കത്തുകളോ നിവേദനങ്ങളോ കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly